(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ വിദ്യാർത്ഥികളിൽ കമ്പ്യൂട്ടർ അവബോധം വ്യാപകമാക്കുന്നതിനും അതുവഴി കേരളത്തെ ഭാവിയിൽ ഐ.ടി. ഹബ്ബാക്കി മാറ്റുന്നതിനും കേരള സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികളിൽ നൂതനമായി രൂപം നൽകിയ ഒന്നാണ് "ലേൺ ടു കോർഡ്". ഇതുവഴി കേരളത്തിലെ വിദ്യാർത്ഥികളിൽ കോഡിംഗ് വൈദഗ്ധ്യം വളർത്തുക എന്നതാണ് ലക്ഷ്യമിടുന്നത്.

(സി) റാസ്ബറി പൈ കിറ്റുകൾ വിദ്യാർത്ഥികൾക്കു സൗജന്യമായി വിതരണം ചെയ്തുകൊണ്ടാണ് ഈ പദ്ധതി ആരംഭിച്ചത്. ഈ പദ്ധതി പ്രകാരം 2522 റാസ്ബറി പൈ കിറ്റുകളാണ് കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിയത്. അടിസ്ഥാനപരമായ പരിശീലനം നൽകി വിദ്യാർത്ഥികളിൽ പുതിയ ആശയങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള പ്രോത്സാഹനം നൽകാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഇതിനായുള്ള പരിശീലന ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് നൽകിയിരുന്നു.

(ഡി) ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ, ഐ.ടി.@സ്കൂൾ, സ്റ്റാർട്ട് അപ്പ് വില്ലേജ് എന്നിവരുടെ ആഭിമുഖ്യത്തിൽ കേരള സർക്കാർ 2015. ഫെബ്രുവരി 21-ാം തീയതി ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും റാസ്ബറി പൈ വിതരണവും നടത്തുകയുണ്ടായി. വരുംവർഷങ്ങളിൽ 5,000 ത്തോളം റാസ്ബറി പൈ/അഡ്രിനോ കിറ്റുകൾ എട്ടാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുകയും അവരിലെ പരീക്ഷണാത്മകത സ്കൂൾ തലത്തിൽ വെച്ചുതന്നെ വളർത്തിയെടുക്കുന്നതിന് തുടർന്നുള്ള പരിശീലനവും മേൽനോട്ടവും നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

അക്ഷയ കേന്ദ്രങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക

183(2172) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കിയതിന് ഭീമമായ കുടിശ്ശിക നൽകാനുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് അവയുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നുവെന്നും പ്രസ്തുത കേന്ദ്രങ്ങൾ അടച്ചുപൂട്ടൽ ഭീഷണിയിലാണെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത കേന്ദ്രങ്ങൾ വഴിയുള്ള സേവനങ്ങൾക്ക് ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് വെട്ടികുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത തീരുമാനം അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുവാൻ ഇടയാക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത കേന്ദ്രങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക അടിയന്തരമായി കൊടുത്തു തീർത്തും സർവ്വീസ് ചാർജ്ജ് വെട്ടിക്കുറച്ച തീരുമാനം പുനഃപരിശോധിച്ചും ഇവയെ പ്രതിസന്ധിയിൽനിന്നും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിവിധതരം സർക്കാർ സേവനങ്ങൾ, അതാത് സർക്കാർ വകുപ്പുകളുമായി കരാറിലേർപ്പെട്ട് അക്ഷയ കേന്ദ്രങ്ങൾവഴി നടപ്പിലാക്കുകയാണ് ചെയ്യുവരുന്നത്. ഇതിൽ ചില സേവനങ്ങൾക്ക്, സർവ്വീസ് ചാർജ് ഉപഭോക്താവിൽ നിന്ന് നേരിട്ടാണ് ഈടാക്കിവരുന്നത്. യു.ഐ.ഡി. എൻറോൾമെന്റ്, ഇ-ഗ്രാൻസ്, ഇ-ഫയലിംഗ് പോലുള്ള ചില സേവനങ്ങളുടെ സർവ്വീസ് ചാർജ്ജ് അതാത് വകുപ്പുകൾ അക്ഷയയ്ക്ക് മടക്കി നൽകുന്നതിന് കാലതാമസം നേരിടാറുണ്ട്. ഇതു സംബന്ധിച്ച് അക്ഷയ സംരംഭകർ പരാതിപ്പെടാറുണ്ടെങ്കിലും അവ അടച്ചുപൂട്ടേണ്ടി വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) ഇല്ല. പുതുതായി ഇലക്ടറൽ കാർഡിനുവേണ്ടിയുള്ള അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്ന് 25 രൂപയാണ് സർവീസ് ചാർജിനത്തിൽ ഈടാക്കാൻ ഇലക്ഷൻ കമ്മീഷൻ നിർദ്ദേശിച്ചിരുന്നത്. എന്നാൽ, നിലവിലുള്ള ഇലക്ടറൽ കാർഡിൽ ആധാർ നമ്പർ ചേർക്കാനും മറ്റു ഭേദഗതി വരുത്താനുമായി 10 രൂപ സർവ്വീസ് ചാർജിനത്തിൽ ഈടാക്കാൻ ഇലക്ഷൻ കമ്മീഷൻ ആദ്യം നിർദ്ദേശിച്ചിരുന്നു. പിന്നീട് ഇലക്ടറൽ കാർഡിൽ ഭേദഗതി വരുത്തുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് സർവ്വീസ് ചാർജ് 20 രൂപയായി ഉയർത്തിയിട്ടുണ്ട്.

(ഇ) അക്ഷയസെന്ററുകൾക്കുള്ള സർവ്വീസ് ചാർജ്ജ് ലഭിയ്ക്കുവാൻ വൈകുന്ന സാഹചര്യങ്ങളിൽ അവ വേഗത്തിൽ ലഭ്യമാക്കുവാൻ ബന്ധപ്പെട്ട എല്ലാ വകുപ്പുമായും അവർ നിരന്തരം ബന്ധപ്പെടാറുണ്ട്. കൂടാതെ കാലതാമസം ഒഴിവാക്കാനായി അതാത് ഡിപ്പാർട്ടുമെന്റിൽ നിന്ന് പേയ്മെന്റ് ലഭിക്കുന്ന മുറയ്ക്ക് അക്ഷയ സംസ്ഥാന ഓഫീസിൽ നിന്ന് നേരിട്ട് സംരംഭകർക്ക് പേയ്മെന്റ് നൽകുന്നതിനുള്ള സംവിധാനം സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly